(ബി) എൽ.ഡി.എഫ്. ഭരണകാലത്ത് പേമെൻറ് അടിസ്ഥാനത്തിൽ എത്ര സീററുകൾ വീതം ലഭ്യമായിരുന്നു;

(സി) ഇപ്പോൾ മെഡിക്കൽ, എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ മെറിററിൽ എത്ര സീററുകൾ ലഭ്യമാണ്;

(ഡി) ഇപ്പോൾ ഓരോ വിഭാഗത്തിലും പേമെൻറ് അടിസ്ഥാനത്തിൽ ലഭ്യമായ സീററുകളുടെ എണ്ണം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)	മെഡിക്കൽ (അഗ്രിക്കൾച്ചർ, ബി. ഫാം ഉൾപ്പെടെ)	..	1378
	എഞ്ചിനീയറിംഗ്	..	7779
(ബി)	മെഡിക്കൽ	..	50
	എഞ്ചിനീയറിംഗ്	..	980
(സി)	എഞ്ചിനീയറിംഗ്:		
	സ്പോൺസർ മെറിററ്	..	8369
	സംവരണം	..	4509
	ആകെ	..	12878
	മെഡിക്കൽ		
	സ്പോൺസർ മെറിററ്	..	2101
	സംവരണം	..	1131
	ആകെ	..	3232

(ഡി) ഇപ്പോൾ പേമെൻറ് സീററുകൾ നിലവിലില്ല.

കാലിക്കററ് സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കുകൂടി ബി.എഡ്. പ്രവേശനത്തിന് അപേക്ഷിക്കുവാൻ അവസരം നൽകുന്നതിന് നടപടി

63 [2369] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, കെ. എൻ. എ. ഖാദർ:
,, ടി. പി. എ. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ വർഷം മുതൽ ബി.എഡ്. പ്രവേശനത്തിന് ഏകീകൃത അലോട്ട്മെൻറ് നടത്തിയപ്പോൾ കാലിക്കററ് യൂണിവേഴ്സിററിയിലെ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാൻ സാധിക്കാതിരുന്നത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ യൂണിവേഴ്സിററിയിലെ വിദ്യാർത്ഥികൾക്കുകൂടി അവസരം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി ഏതാനും ബിരുദ വിഷയങ്ങളിലെ ഫലം പ്രഖ്യാപിക്കാത്തതുകൊണ്ട് ആ വിഷയങ്ങളിൽ ബിരുദ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് യഥാസമയം ബി.എഡ്. അഡ്മിഷന് അപേക്ഷിക്കാൻ അവസരം ലഭിച്ചിട്ടില്ലെന്ന് സർക്കാരിൽ നിവേദനം ലഭിച്ചിരുന്നു.

(ബി, സി) വിദ്യാർത്ഥികളുടെ ആവശ്യാനുസരണം അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 10 ദിവസം ദീർഘിപ്പിച്ചു നൽകിയിരുന്നു. കേന്ദ്രീകൃത അലോട്ട്മെന്റ് ഇപ്പോൾ പുരോഗമിച്ചുവരികയാണ്. ആവശ്യമായ അദ്ധ്യയന ദിവസങ്ങൾ സംബന്ധിച്ച് എൻ.സി.ടി.ഇ. നിബന്ധന ഉള്ളതുകാരണം എല്ലാ യൂണിവേഴ്സിറ്റികളും എല്ലാ ബിരുദ വിഷയങ്ങളിലെയും ഫലം പ്രഖ്യാപിക്കുന്നതുവരെ കേന്ദ്രീകൃത അലോട്ട്മെന്റ് നടപടി നീട്ടിവയ്ക്കാനാവില്ല.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലറുടെ ഔദ്യോഗിക ചെലവുകൾ

64 [2370] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. കെ. എൻ. പണിക്കർ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ്ചാൻസലറായിരുന്ന കാലയളവിൽ അദ്ദേഹത്തിന്റെ വീട്ടുവാടക, ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ ഓരോന്നിനും എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വീട്ടിലെ ജോലിക്കാർക്കുള്ള ശമ്പളം, ടി.എ., ഡി.എ., മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിലായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലറായിരുന്ന ശ്രീ. കെ. എൻ. പണിക്കർക്ക് പ്രസ്തുത കാലയളവിൽ, അതായത് 11-12-2000 മുതൽ 10-12-2004 വരെ വീട്ടുവാടക, ശമ്പളം, മറ്റ് ഇനങ്ങൾ എന്നിവയിൽ സർവ്വകലാശാല ചെലവഴിച്ചിട്ടുള്ള തുക താഴെ പറയും പ്രകാരമാണ്:

ശമ്പളവും മറ്റ് അലവൻസുകളും	..	17,54,754
ടെർമിനൽ സറണ്ടർ	..	1,17,542
മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്	..	53,556
വീട്ടുവാടക (ഔദ്യോഗിക വസതി)	..	4,46,066
യാത്രപ്പടി	..	12,930
ട്രാൻസ്ഫർ ടി.എ. (ന്യൂഡൽഹി-കാലടി)	..	62,230
ടെലഫോൺ ചാർജ്ജ്:		
ഓഫീസ്	..	1,06,211
ഔദ്യോഗിക വസതി	..	1,54,927
മൊബൈൽ ഫോൺ	..	70,866
വൈദ്യുതി ചാർജ്ജ് (ഔദ്യോഗിക വസതി)	..	94,374
വാട്ടർ ചാർജ്ജ് (ഔദ്യോഗിക വസതി)	..	1,638

LIBRARY ARCHIVES Kerala Legislative Assembly